ശ്രീ. കെ. കൊച്ചുകുട്ടൻ : കോട്ടയം ജില്ലയിലും, ആലപ്പുഴ ജില്ലയിലും ഒരാൾതന്നെ ചെയർമാനായിരിക്കുന്നതിനുകാരണമായി പറഞ്ഞതു് ഖാദി പ്രവർത്തനത്തിൽ കൂടുതൽ പരിചയമുള്ളതിന്റെ അടിസ്ഥാനത്തിലാണെന്നാണു്. അവിടത്തെ ചെയർമാൻ ഖാദിയുമായിട്ടോ, വില്ലേജു പ്രവർത്തനങ്ങളുമായിട്ടോ യാതൊരു ബന്ധവുമില്ലാത്ത ആളാണെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദി പ്രവർത്തനവും, വില്ലേജു പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ലാത്തയാളാണെന്നു പറയുന്നതു ശരിയല്ല. ഖാദിപ്രവർത്തനത്തിൽ വളരെ നല്ലപോലെ, ഖാദിബോർഡു മെമ്പറായിരിക്കുമ്പോൾ പ്രവർത്തിച്ചിട്ടുണ്ടെന്നു ബോദ്ധ്യമുള്ളയാളാണു് അദ്ദേഹം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ആളിന്റെ ലക്ഷണം പലതും പറഞ്ഞല്ലോ ; ആളിന്റെ പേരുകൂടി പറയാമോ ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഖാദിബോർഡു് ആദ്യമായിചേർന്ന യോഗത്തിൽ, ഖാദിബോർഡിലെ മെമ്പറന്മാരെങ്കിലും ഖദർ ധരിക്കണമെന്നു് അഭിപ്രായപ്പെടത്തക്കവണ്ണം ഖാദിധരിക്കാതെ സംബന്ധിച്ചിരുന്ന ഒരു മെമ്പറാണു് പ്രസ്തുത ചെയർമാൻ എന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ശരിയല്ല ; ഖാദിബോർഡു മെമ്പറന്മാർ എല്ലാവരും ഖദർധരിക്കുന്നവരാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ആലപ്പുഴ ചെയർമാൻ, ഖാദിധരിക്കുന്നതു് ഒരു ആപത്തായിരുന്നകാലത്തും ഒരു ഖദർധാരി ആയിരുന്നുവെന്ന വസ്തുത അറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിയാം.

Starch Factory.

* 1338. [19] **Shri A. Kunjukrishnan :** Will the Minister for Industries be pleased to state:

(a) whether any private agency has applied to the Government for permission to start a starch factory at a certain place in Quilon District; and

(b) if so, will the Government be pleased to take a decision on the application at an early date?

Minister for Industries (**Shri K. P. Gopalan**):

(a) No.

(b) Does not arise.

അനധികൃതമായ വനംകയ്യേറ്റം.

* 1339. [20] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിസർവ്വു വനങ്ങളിൽ, 26-4-1957-നു ശേഷം അനധികൃതമായി പ്രവേശിച്ചതിനു ഡിപ്പാർട്ടുമെന്റിൽനിന്നും എത്രപേരുടെ പേരിൽ എവിക്ഷൻ നടപടി സ്വീകരിച്ചിട്ടുണ്ടു് ;

(ബി) അങ്ങനെ ഡിപ്പാർട്ടുമെന്റിൽനിന്നും ഇറക്കിവിട്ട എത്രപേർക്കു് ഗവണ്മെന്റിൽനിന്നും സ്റ്റേ കൊടുത്തിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) 26-4-1957-നുശേഷം സംസ്ഥാനത്തെ റിസർവ്വ് വനങ്ങളിൽ അനധികൃതമായി പ്രവേശിച്ചതിനു് ഡിപ്പാർട്ടുമെൻറിൽനിന്നും 584 പേരുടെ പേരിൽ എവിക്ഷൻ നടപടി നടത്തിയിട്ടുണ്ടു്.

(ബി) 14 പേർക്കു്; അതിൽ 12 പേർക്കു് ഗവണ്മെൻറിൽനിന്നും അനുവദിച്ച സ്റ്റേ പിൻവലിച്ചു.

ശ്രീ. ഇ. പി. പൗലോസു്: കമ്മീഷൻറെ റിപ്പോർട്ടിൽ നേരത്തെ പ്രവേശിച്ചിരുന്നവർ ഉള്ളതായി പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജു്: പ്രത്യേകം ചോദ്യം ചോദിക്കണം.

പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുക്കപ്പെട്ടവർ.

*1340. [21] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുക്കപ്പെട്ടവരുടെ ഓരോരുത്തരുടെയും ശമ്പളമെന്തു്; അലവൻസു് എന്തു്;

(ബി) ഹരിജനങ്ങളിൽനിന്നുകൂടി ഒരാളെ പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുത്തു് അവരുടെ അവകാശത്തെ വകവച്ചുകൊടുക്കാൻ ഗവണ്മെൻറു തയ്യാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്) :

(എ) ഓരോരുത്തർക്കും പ്രതിമാസം 1250 രൂപ; അലവൻസു് ഇല്ല.

(ബി) കമ്മിഷൻറെ അംഗസംഖ്യ ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജു്: അലവൻസു് ഇല്ലെന്നു പറഞ്ഞു. നിലവിലുള്ള മെമ്പറന്മാർക്കു് ഒരു കൊല്ലത്തിൽ ടി. എ. ശരാശരി എന്തു വരുമെന്നറിയാമോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി. ടി. ചാക്കോ: ഇതു നിയമിച്ചതിൽ ഒരാൾ ഈ മന്ത്രിയുടെ പ്രൈവറ്റു സെക്രട്ടറി ജോലി നോക്കിയിരുന്ന ആളാണോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : അതേ. അതു് അറിയാമെന്നുള്ള ഒരു കാര്യമാണല്ലോ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോൺഗ്രസ്സു് എം. എൽ. എ.-യായിരുന്ന ഒരാൾ ഈ കമ്മീഷനിൽ ഉണ്ടെന്നറിയാമോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: അറിയാം.

ശ്രീ. പി. ടി. ചാക്കോ : പ്രൈവറ്റു സെക്രട്ടറി ജോലി നോക്കിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിനു് എന്തു ശമ്പളമുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : 350 രൂപ.

ശ്രീ. പി. ടി. ചാക്കോ: 350 രൂപ ശമ്പളത്തിൽ പ്രൈവറ്റു സെക്രട്ടറിയായി ജോലി നോക്കിക്കൊണ്ടിരുന്ന ഒരാളെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അംഗമായി നിയമിച്ചതുകൊണ്ടു് ആ മന്ത്രിക്കും മന്ത്രിയോടു് ബന്ധപ്പെട്ടവർക്കും കൂടുതൽ സ്വാധീനം ഉണ്ടാകുമെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly